LSGD web feature w/ 2877
3403 / 28/07

# കേരള സർക്കാർ

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ നടത്തുന്ന പരിശീലന പരിപാടി - ഫീസ് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) 2887/08 / തസ്വഭവ | തിരുവനന്തപുരം , തീയതി , 24.07.2008

---

പരാമർശം :-
1. 04.10.05-ലെ ജി.ഒ.(സാധാ) നം.4053/05/തസ്വഭവ.
2. 04.07.06-ലെ ജി.ഒ.(സാധാ) നം.1576/06/തസ്വഭവ.
3. **PRTC** ഡയറക്ടറുടെ 15.05.08-ലെ അപേക്ഷ.
4. 30.06.08-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.17 നമ്പർ തീരുമാനം.

## <u>ഉത്തരവ്</u>

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് സൈന്യത്തിലേയ്ക്കും മറ്റും തെരഞ്ഞെടുക്കപ്പെടാൻ സഹായകമായ പരിശീലന പരിപാടി നൽകുന്നതിനുള്ള കേന്ദ്രമായി കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്ററിനെ പരാമർശം (1), (2) ഉത്തരവ് പ്രകാരം അംഗീകരിച്ചിരുന്നു. പരാമർശം (3) അപേക്ഷയിൽ പരിശീലന പരിപാടിയ്ക്കുള്ള ഫീസ് എല്ലാ വിഭാഗത്തിലുള്ള പരിശീലനാർത്ഥികൾക്കും 6500/- രൂപയായി നിജപ്പെടുത്തണമെന്നും ഗുണഭോക്തൃ വിഹിതമായി 500/- രൂപ നിശ്ചയിക്കണമെന്നും PRTC ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 30.06.08-ന് നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയിൽ ചർച്ചചെയ്യുകയും ചെയ്തു. ആയതുപ്രകാരം പരാമർശം (4)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗത്തിലെ കുട്ടികൾക്ക് സൈന്യം, പാരാമിലിട്ടറി, പോലീസ്, സേനാ വിഭാഗങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ സഹായകമായ രീതിയിൽ നടത്തുന്ന അംഗീകൃത പരിശീലന പരിപാടിയുടെ ഫീസ് 5500/- രൂപയായും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പൊതുവിഭാഗക്കാർക്ക് അനുവദിക്കാവുന്ന സബ്സിഡി തുക 4000/- രൂപയായും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കാവുന്ന സബ്സിഡി 5000/- രൂപയായും പുതുക്കി നിശ്ചിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസനകമ്മീഷണർ, തിരുവനന്തപുരം
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.

| | |
|---|---|
| സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, ലൂക്ക്സ് ലേൻ, ടി.സി.നം.25/2727(4), പുത്തൻചന്ത, തിരുവനന്തപുരം. | ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ് |

ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ, സിവിൽ സ്റ്റേഷൻ , കോഴിക്കോട്.
ഡയറക്ടർ , കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ.
പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ , ഐ.കെ.എം.(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അടിയന്തിരമായി പ്രസിദ്ധപ്പെടുത്തുന്നതിന്.)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ (ഡി.ബി)( ഡി.സി.)( ഡി.ഡി.) (എഫ്.എം.) വകുപ്പുകൾക്ക്.